(സി) പഞ്ചായത്തുകളിൽനിന്നും ഭൂമി ലഭിച്ച വ്യക്തികൾ ആയത് കൈമാറ്റം നടത്തുകയും അപ്രകാരം ഭൂമി കൈമാറി ലഭിച്ചവർക്ക് പഞ്ചായത്തിൽനിന്നും അനുവാദപത്രിക ലഭിക്കാത്തതുമാണ് പട്ടയം നൽകുവാൻ തടസ്സമായിട്ടുള്ളത്. കൂടാതെ മുൻകൈവശക്കാർക്ക് പട്ടയം അനുവദിച്ചിട്ടുള്ളതിനാൽ ഇപ്പോൾ ഭൂമി കൈവശം വച്ചുവരുന്നവർക്ക് പട്ടയം നൽകുവാൻ സാധിക്കുകയില്ല.

(ഡി) പഞ്ചായത്തിന്റെ അനുമതിപത്രിക ഹാജരാക്കുന്ന മുറയ്ക്കേ കേരള ഭൂമി പതിവ് ചട്ടം അനുസരിച്ച് പട്ടയം നൽകാൻ കഴിയുകയുള്ളൂ.

സർക്കാർ ഭൂമി പതിച്ചുകിട്ടിയ സാമൂഹ്യ-സന്നദ്ധ സംഘടനകൾ

266 [3243] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ ഭരണകാലത്ത് ഏതെല്ലാം സാമൂഹ്യ-സന്നദ്ധ സംഘടനകൾക്ക് സർക്കാർ ഭൂമി പതിച്ചുനൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സംഘടനയ്ക്കും ഏതെല്ലാം സ്ഥലങ്ങളിൽ എത്ര ഭൂമി വീതമാണ് പതിച്ചുനൽകിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ ഭരണകാലത്ത് സാമൂഹ്യ-സന്നദ്ധ സംഘടനകൾക്ക് സർക്കാർ ഭൂമി പതിച്ചുനൽകിയതിന്റെ ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

1995-ലെ റാങ്ക് ലിസ്റ്റ് പ്രകാരമുള്ള ലീഗൽ അസിസ്റ്റന്റ് നിയമനം

267 [3244] *ശ്രീ. റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-ൽ നിയമവകുപ്പ് ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേക്ക് നിയമനം നടത്തുവാൻ തയ്യാറാക്കിയ റാങ്ക്ലിസ്റ്റ് പ്രകാരം സെക്രട്ടറിയേറ്റ് കാട്ടയിൽ നിന്നുള്ള എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന അഡ്വൈസ് നൽകിയെന്നും, അവരിൽ ആരൊക്കെ ജോലിയിൽ പ്രവേശിക്കാതിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) മേൽപ്രകാരം സെക്രട്ടറിയേറ്റ് കാട്ടായിൽനിന്നും ജോലിയിൽ പ്രവേശിക്കാതിരുന്ന ഒഴിവുകളിൽ, കാറ്റഗറി 4-ൽപ്പെട്ട ഏതൊക്കെ ഉദ്യോഗാർത്ഥികൾക്ക് ഏതൊക്കെതീയതികളിൽ ഏതൊക്കെ റൊട്ടേഷൻ അനുസരിച്ച് നിയമനം നൽകിയെന്നും, അവരിൽ ആരൊക്കെ ജോലിയിൽ പ്രവേശിക്കാതിരുന്നുവെന്നും വ്യക്തമാക്കുമോ;

---

†അനുബന്ധം XIV കാണുക

LIBRARY ARCHIVES Kerala Legislative Assembly

(സി) ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേക്ക് 1995-ൽ നടത്തിയ പരീക്ഷയിലേക്ക് കാറ്റഗറി-4 പ്രകാരമുള്ളതും റാങ്ക് നമ്പർ 32 മുതൽ 36 വരെയുള്ളതുമായ ഏതെങ്കിലും ഉദ്യോഗാർത്ഥി, മേലുദ്യോഗസ്ഥന്റെ വ്യാജ ഒപ്പിട്ട് അപേക്ഷ സമർപ്പിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഡി) മേൽ റാങ്കുകളിലുള്ള ഉദ്യോഗാർത്ഥികളുടെ പേര്, അവർ അപേക്ഷയിൽ നൽകിയ ഔദ്യോഗിക മേൽവിലാസം എന്നിവ വ്യക്തമാക്കുമോ?

ഉത്തരം

(എ) —(ഡി) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാന ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനവും സേവന-വേതന വ്യവസ്ഥകളും

268 [3246] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനവും, ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളും എന്തൊക്കെയാണ്;

(ബി) സംസ്ഥാന ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനവും, ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളും ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ ഇതുവരെയായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) നിർമ്മിതി കേന്ദ്രങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്ക് സാങ്കേതിക അനുമതി നൽകുന്നതിന് ജില്ലകളിൽ പ്രത്യേക സംവിധാനമുണ്ടാക്കുമോ;

(എഫ്) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലെ എറണാകുളം റീജിയണൽ ഓഫീസിലെ ജീവനക്കാർക്ക് 2002 ജൂൺ മുതൽ വിവിധ കാലയളവുകളിൽ ശമ്പളം ലഭിച്ചിട്ടില്ലെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) അപ്രകാരം ശമ്പളം നിഷേധിക്കാനുള്ള കാരണമെന്താണ്;

(എച്ച്) പ്രസ്തുത കാലയളവിലെ ശമ്പളം എത്രയുംവേഗം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചെലവ് കുറഞ്ഞതും, പരിസ്ഥിതിക്ക് ഇണങ്ങുന്നതുമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനുള്ള സാങ്കേതിക സഹായം നൽകുക, അത്തരം നിർമ്മാണ ജോലികൾ ഏറ്റെടുത്ത് നടപ്പിലാക്കുക, നിർമ്മാണ സാമഗ്രികൾ

LIBRARY ARCHIVES Kerala Legislative Assembly